(ര) മെമ്പർമാരുടെ തിരഞ്ഞെടുപ്പു താസിൽദാർമാർ നിറുത്തി വെച്ചിട്ടുണ്ടെന്നാണു് അറിവു്. ജഡ്ജിമാരുടേയും പ്രസിഡണ്ടിന്റേയും തിരഞ്ഞെടുപ്പു് നിറുത്തിവെച്ചിട്ടുണ്ടു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— സർ ഇപ്പോൾ ഞാൻ ചോദിക്കേണ്ട ചോദ്യങ്ങൾക്കു ശരിയായി മറുപടി പറയുന്നതിനു അവകാശപ്പെട്ട മെമ്പർ ഇവിടെ ഹാജരില്ല. പിന്നെ ജോയിന്റു സിക്രട്ടറി അവർകളാണു് അതിനു മറുപടി പറയുന്നതു്. അദ്ദേഹത്തിനു മുഴുവനും മറുപടി പറയാൻ സാധിക്കാത്തതുകൊണ്ടും അദ്ദേഹം ഒരു പുതിയ ആളായതുകൊണ്ടും ഞാൻ ചോദിക്കുന്നില്ല.

൨൪൭. മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— താഴെപറയുന്ന ചോദ്യങ്ങൾക്കു ഗവർമ്മെണ്ടു സദയം മറുപടി പറയുമോ:—

(ക) കുഴപ്പിള്ളി-പള്ളിപ്പുറം ഗ്രൂപ്പ് കോട്ടിലേക്കു ഇപ്പോൾ സാധുവായി പരിഗണിക്കുന്ന തിരഞ്ഞെടുപ്പു നടത്തിയതു് എന്നാണു്;

(ഖ) ആ തിരഞ്ഞെടുപ്പിൽ പള്ളിപ്പുറം പഞ്ചായത്തിലെ എത്ര മെമ്പർമാർ ഹാജരുണ്ടായിരുന്നു;

(ഗ) ആ തിരഞ്ഞെടുപ്പിൽ നിസ്സഹകരിച്ച പള്ളിപ്പുറം പഞ്ചായത്തിലെ ൪ മെമ്പർമാരിൽനിന്നും ഗവർമ്മെണ്ടിലേക്കു വല്ല ആക്ഷേപവും കിട്ടീട്ടുണ്ടോ;

(ഘ) ഉണ്ടെങ്കിൽ ആ കാര്യത്തിൽ ഗവർമ്മെണ്ടു് എന്തു നടപടിയാണു നടത്തിയതെന്നും അതിന്റെ ഫലമെന്താണെന്നും പറയാമോ?

മിസ്റ്റർ പി. ജെ. ജോഷ്വാ (*Joint Secretary to Government*).—

(ക) ക്കക്കഖ മേടം ൧-ാംനു-.

(ഖ) രണ്ടു്.

(ഗ) ഉണ്ടു്.

(ഘ) വേണ്ട അന്വേഷണങ്ങളും നടത്തി ഹർജി റിക്കാട്ടാക്കി.

Road maintenance—Pallippuram Group Panchayat—particulars regarding.

൨൪൮. മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— താഴെപറയുന്ന ചോദ്യങ്ങൾക്കു ഗവർമ്മെണ്ടു ദയവായി മറുപടി പറയുമോ:—

(ക) ക്കക്കക-ൽ പള്ളിപ്പുറം ഗ്രൂപ്പ് പഞ്ചായത്തിലെ വഴിസംരക്ഷണ പണിക്കു് എത്ര ഉറുപ്പിക അനുവദിച്ചിരുന്നുവെന്നും അതിൽ

LIBRARY ARCHIVES Kerala Legislative Assembly

ഏതെങ്കിലും സംഖ്യ വഴിസംരക്ഷണ പണിക്ക് ചിലവാക്കീട്ടുണ്ടോ എന്നും പറയാമോ;

(ഖ) പ്രസ്തുത പണികൾക്കു ഹെൽത്തു പഞ്ചായത്തു ഡയറക്ടർ ആപ്പീസ്സിൽനിന്നും തയ്യാറാക്കി അയച്ചതും പഞ്ചായത്തു് അംഗീകരിച്ചതുമായ എസ്റ്റിമേറുപ്രകാരം ഭക്കാസ്സുകൾക്ക് ആവശ്യപ്പെട്ടിട്ടില്ലല്ലോ:

(ന) ഉണ്ടെങ്കിൽ ഭക്കാസ്സുകാരൻ ആരായിരുന്നുവെന്നും ആ ഭക്കാസ്സനുസരിച്ചു പ്രസ്തുത പണികൾ നടത്തിയോ എന്നും പറയാമോ?

മിസ്റ്റർ പി. ജെ. ജോജ്ജ് *(Joint Secretary to Government)*.—

(ക) ഉവ്വു. ഇതിൽ ന.ഉക. ന്നു പൈ ചിലവാക്കീട്ടുണ്ടു്.

(ഖ) ആവശ്യപ്പെട്ടിട്ടുണ്ടു്.

(ന) (ക) പുതുവിൽ ചാത്തൻ കൊടിയൻ (ഖ) മാളിക്കൽ വറിയത ചെറിയാൻ എന്നിവരുടെ രണ്ടു ഭക്കാസ്സുകൾ ഉണ്ടായിരുന്നു. ഭക്കാസ്സനുസരിച്ചു പണി നടത്തുവാൻ സാധിച്ചില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— രണ്ടു ഭക്കാസുകൾ ഉണ്ടായിരുന്നു എന്നു പറഞ്ഞു. പഞ്ചായത്തിലാണോ ഈ ഭക്കാസുകൾ ഉണ്ടായിരുന്നതു്?

മിസ്റ്റർ പി. ജെ. ജോജ്ജ *(Joint Secretary to Government)*.— പഞ്ചായത്തിൽ ഒരു ഭക്കാസേ ഉണ്ടായിരുന്നുള്ളൂ.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— ഭക്കാസ് എവിടെ അപേക്ഷിക്കണമെന്നാണു പരസ്യം ചെയ്തിട്ടുള്ളതു്?

മിസ്റ്റർ പി. ജെ. ജോജ്ജ് *(Joint Secretary to Government)*.— പഞ്ചായത്തിൽ.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— ഏതു ഭക്കാസിനാണു് മുൻഗണന കൊടുക്കേണ്ടതു്?

മിസ്റ്റർ പി. ജെ ജോജ്ജ് *(Joint Secretary to Government)*.— സാധാരണ ഗവമ്മെൻറിന്റെ ഇൻറസ്റ്റു നോക്കീട്ടാണു കൊടുക്കുന്നതു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— അതു എവിടെ സമർപ്പിക്കുന്ന ഭക്കാസിനെയാണു് സാധാരണ പരിഗണിക്കുന്നതു്?

മിസ്റ്റർ പി. ജെ. ജോജ്ജ് *(Joint Secretary to Government)*.— അതു ഇന്ന ഭക്കാസെന്നില്ല?

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— എത്ര രൂപാ വരെയുള്ള ഭക്കാസാണു പഞ്ചായത്തിൽ സ്വീകരിക്കാമെന്നു വച്ചിട്ടുള്ളതു്?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. ജെ. ജോജ്ജ് (*Joint Secretary to Government*).— ഫാറം തുപാവരെയുള്ളതു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— പഞ്ചായത്തിൽ കൊടുത്ത ടക്കാസുകാർക്കാണോ ഈ പണി കൊടുത്തിട്ടുള്ളതു്?

മിസ്റ്റർ പി. ജെ. ജോജ്ജ് (*Joint Secretary to Government*).— ആദ്യം ടെണ്ടർ വിളിച്ചതിനുശേഷം ചില കംബ്ലെയിന്റ്സ് ഉണ്ടായിരുന്നു. D. P. H ന്റെ അടുക്കൽ ഫാ ശതമാനം കുറവുള്ള ഒരു ടെണ്ടർ കിട്ടി. പഞ്ചായത്തിൽ കൊടുത്തതു് 8 ശതമാനം കുറവുള്ള ടെണ്ടറാണു്. ഫാ ശതമാനം കുറവുള്ള ടെണ്ടർ സ്വീകരിക്കുന്നതു് ആദായകരമായിരുന്നതുകൊണ്ടു് അത്രത്തോളം കുറവുവെച്ചു ടെണ്ടർ സ്വീകരിക്കണമെന്നു പഞ്ചായത്തിലേക്കു D. P. H. എഴുതി അയക്കുകയും ചെയ്തു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— ഈ കൊല്ലം ആ ടക്കാസുപ്രകാരമാണോ പണി നടന്നിട്ടുള്ളതു്?

മിസ്റ്റർ പി. ജെ. ജോജ്ജ് (*Joint Secretary to Government*).— അങ്ങിനെയായിരിക്കാം. തീർച്ച പറവാൻ സാധിക്കയില്ല.

മിസ്റ്റർ ടി. കെ. നായർ (*Pazhayannur*) — പഞ്ചായത്തിൽ ടക്കാസു ലഭിച്ച അതേസമയത്തു ഹെഡ് ആപ്പീസ്സിൽ ടക്കാസ് കൊണ്ടുവന്നാൽ അതു സ്വീകരിക്കാമോ?

മിസ്റ്റർ പി. ജെ. ജോജ്ജ് (*Joint Secretary to Government*).— സാധാരണ നിയമപ്രകാരം അതു സ്വീകരിക്കുവാൻ പാടില്ല. പ്രത്യേക സംഗതിവശാൽ വേണമെങ്കിൽ ആകാം.

ശ്രീ. മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവർമ്മെണ്ടു ദയവായി മറുപടി പറയുമോ:

(ഫ) ഫഫഫ-ൽ പള്ളിപ്പുറം പഞ്ചായത്തിലെ വഴിസംരക്ഷണ പണിക്കു് എത്ര സംഖ്യ അനുവദിച്ചിട്ടുണ്ടെന്നും പ്രസ്തുത പണികൾ ഈ കൊല്ലം നടത്തിക്കുന്നതു ടക്കാസുപ്രകാരമാണോ എന്നും പറയാമോ;

(ബ) എത്രസംഖ്യവരെയുള്ള ടക്കാസുകളാണു പഞ്ചായത്തുകൾക്കു സ്വീകരിക്കാൻ അധികാരമുള്ളതു്?

മിസ്റ്റർ പി. ജെ. ജോജ്ജ് (*Joint Secretary to Government*).— (ഫ) ഒരു ഉരുപ്പിക.

ടക്കാസുപ്രകാരമാണു നടത്തിക്കുന്നതു.

(ബ) ഫാറം കു. വരെ.

LIBRARY ARCHIVES Kerala Legislative Assembly